# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനം. 5999 — 28.10.2011-ൽ മറുപടിനൽകേണ്ടിയിരുന്നത്

## പി.എസ്.സി. ജീവനക്കാരുടെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.സി. ജോർജ്: | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷനെതിരെ എത്ര ജീവനക്കാർ വിവിധ കോടതികളിൽ അവരുടെ ന്യായമായതും നിയമ വിധേയവുമായ വിഷയങ്ങളിൽ കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ ജീവനക്കാർ കമ്മീഷനെതിരെ ഫയൽ ചെയ്ത 10 കേസ്സുകൾ ബഹു. കോടതിയുടെ പരിഗണനയിലുണ്ട്. |
| (ബി) പുതിയ പി.എസ്.സി. ചെയർമാൻ ജീവനക്കാർക്കെതിരെ സ്വീകരിച്ചിട്ടുള്ള നിയമവിരുദ്ധമായ നടപടികൾ പിൻവലിക്കുന്നതിനും വിവിധ തസ്തികകളിൽ യോഗ്യതകൾ ഉയർത്തി പാവപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നത് ഉൾപ്പെടെയുള്ള തീരുമാനങ്ങൾ പുനഃപരിശോധിക്കുന്നതിനും നടപടികൾ ഉണ്ടാകുമോ; | (ബി) പുതിയ പി.എസ്.സി. ചെയർമാൻ, ജീവനക്കാർ ക്കെതിരെ നിയമവിരുദ്ധ നടപടികൾ സ്വീകരിച്ചിട്ടില്ല. വിവിധ തസ്തികകൾക്കുള്ള യോഗ്യതകൾ ഉയർത്തിയതുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ലീൻ നിലനിൽക്കുന്നവരെ മറ്റ് വകുപ്പിൽ തിരിച്ചെടുക്കുമ്പോൾ പി.എസ്.സി. മാത്രം തിരിച്ചെടുക്കാതിരിക്കുക, | (സി) അന്തർ വകുപ്പ് സ്ഥലം മാറ്റം ലഭിച്ചും പുതിയ നിയമനം ലഭിച്ചും മറ്റും പി.എസ്.സി.യിൽ നിന്നും വിടുതൽ ചെയ്യുന്ന ജീവനക്കാരെ |

| | | | |
|---|---|---|---|
| | സെക്രട്ടേറിയറ്റിലും ലോക്കൽ ഫണ്ടിലും പോയവരെ തിരികെ പി.എസ്.സി. യിലേക്ക് വരാൻ അനുവദിക്കാതിരിക്കുക തുടങ്ങിയ നിയമ വിരുദ്ധ നടപടികൾ തിരുത്തുവാൻ നടപടികൾ ഉണ്ടാകുമോ; | | പി.എസ്.സി.-യിൽ പുന:പ്രവേശനം ആവശ്യപ്പെടില്ലെന്ന സമ്മതപത്രം സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് വിടുതൽ ചെയ്യുന്നത്. |
| (ഡി) | പി.എസ്.സി. ജീവനക്കാർക്കും കെ.എസ്.ആർ.ഉം കെ.എസ്.എസ്.ആർ.ഉം ബാധകമായിരിക്കെ ഇതിന് വിരുദ്ധമായി പി.എസ്.സി. സ്വന്തം നിലയിൽ പുതിയ നിയമങ്ങൾ അടിച്ചേൽപ്പിച്ച് ജീവനക്കാരെ ബുദ്ധിമുട്ടിക്കുന്നത് അവസാനിപ്പിക്കുവാൻ നടപടി ഉണ്ടാകുമോ; | (ഡി) | പി.എസ്.സി.-യിൽ കെ.എസ്.ആർ.-നും കെ.എസ്.എസ്.ആർ.-നും വിരുദ്ധമായ നടപടികൾ ഒന്നും സ്വീകരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | പി.എസ്.സി.യിലെ ട്രാൻസ്ഫർ ആന്റ് പോസ്റ്റിംഗ് പ്രൊമോഷൻ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ ജീവനക്കാർക്കുള്ള പരാതികൾ പരിഹരിക്കുവാൻ ചെയർമാന്റെ നേതൃത്വത്തിൽ പ്രത്യേക അദാലത്ത് നടത്തുന്ന കാര്യം പരിഗണിക്കുമോ? | (ഇ) | അദാലത്തിന്റെ കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ